ബയോ മെഡിക്കൽ എക്യൂപ്മെന്റ് കോഴ്സ്

73 (856)ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബയോ മെഡിക്കൽ എക്യൂപ്മെന്റ് വിഷയമുള്ള വൊക്കേഷണൽ ഹയർ സെക്കന്ററി കോഴ്സ് നിലവിലുണ്ടോ;

(ബി) പ്രസ്തുത കോഴ്സ് കഴിഞ്ഞവർക്ക് തുടർന്ന് ഡിഗ്രി പഠനത്തിന് കേരളത്തിൽ സൗകര്യമുണ്ടോ;

(സി) ഇല്ലെങ്കിൽ പ്രസ്തുത വിഷയത്തിൽ ഡിഗ്രി കോഴ്സ് ഏർപ്പെടുത്തുമോ;

(ഡി) ഈ കോഴ്സ് ഉദ്യോഗാവശ്യത്തിന് പി.എസ്.സി. അംഗീകരിച്ചിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ അംഗീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നിലവിലുണ്ട്.

(ബി) ഉണ്ട്.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) അംഗീകരിച്ചിട്ടില്ല.

(ഇ) നടപടി സ്വീകരിച്ചു വരുന്നു.

വർക്കലയിൽ വനിതാ പോളിടെക്നിക്ക്

74 (857)ശ്രീ. എ. അലിഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കലയിൽ ഒരു വനിതാ പോളിടെക്നിക്ക് അനുവദിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്മേൽ എന്ത് തീരുമാനം എടുത്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) 8 ഹൈസ്ക്കൂളും 4 ഹയർ സെക്കന്ററി സ്കൂളുകളും പ്രവർത്തിച്ചുവരുന്ന വർക്കല നിയോജകമണ്ഡലത്തിൽ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒന്നുംതന്നെ പ്രവർത്തിക്കുന്നില്ല എന്നുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) വർക്കലയിൽ ഒരു പോളിടെക്നിക്ക് ആരംഭിക്കുന്നതിന് അനുവാദം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) തിരുവനന്തപുരം ജില്ലയിൽ ഇപ്പോൾ തന്നെ മൂന്നു പോളിടെക്നിക്കുകൾ ഉള്ളതിനാലും സർക്കാരിന്റെ സാമ്പത്തിക പരാധീനതമൂലവും

LIBRARY ARCHIVES Kerala Legislative Assembly